നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കിവരുന്നു.

(2) സ്ഥലസൗകര്യം കുറഞ്ഞ വിൽപ്പനശാലകളിലേയ്ക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ച് കൊടുക്കുന്നു.

(3) മുൻമാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉത്സവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയുംവേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധനനടത്തി അവശ്യ സാധനങ്ങൾ ആവശ്യാനുസരണം ഉണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. പ്രത്യേകിച്ച് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകളിലും ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(6) ആവശ്യമായ സമയങ്ങളിൽ സ്റ്റോക്കുള്ള ഡിപ്പോകളിൽനിന്നും മറ്റ് ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നുണ്ട്.

കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലേയ്ക്ക് പഞ്ചസാര

110 (2605) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് നേരത്തെ അനുവദിച്ചിരുന്ന പഞ്ചസാര 2013 ഡിസംബർ മുതൽ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് ത്വക്ക് രോഗാശുപത്രികളിലെ അന്തേവാസികൾക്ക് പഞ്ചസാര നൽകുമ്പോൾ കൊരട്ടി ഗാന്ധിഗ്രാമത്തിലെ അന്തേവാസികൾക്ക്മാത്രം നിഷേധിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നയു സംബന്ധിച്ച പേഷ്യന്റ്സ് സൊസൈറ്റിയുടെ പരാതി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊരട്ടി ഗവൺമെന്റ് ത്വക്ക് രോഗാശുപത്രിക്ക് 172/97 നമ്പർ എ.പി.എൽ. പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത്. സർക്കാരിന്റെ 3-5-2014-ലെ 3132/ഡി1/14/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം പ്രസ്തുത ആശുപത്രിയിലെ ഓരോ അന്തേവാസിക്കും പ്രതിദിനം 280 ഗ്രാം അരി, 50 ഗ്രാം ഗോതമ്പ് എന്നിവ എ.പി.എൽ. നിരക്കിൽ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. എ.പി.എൽ. പെർമിറ്റുകാർക്ക് പഞ്ചസാര അനുവദിക്കുന്നില്ല. ഓർഫനേജ് കൺട്രോൾ ബോർഡിന്റേയും സാമൂഹ്യക്ഷേമ വകുപ്പിന്റേയും അംഗീകാരമുള്ള സ്ഥാപനങ്ങൾക്കാണ് ബി.പി.എൽ. പെർമിറ്റും അതിനനുസരിച്ചിട്ടുള്ള പഞ്ചസാരയും നൽകുന്നത്.

(ബി) പേഷ്യന്റ്സ് സൊസൈറ്റിയിൽനിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന് പഞ്ചസാര ലഭ്യമാക്കുന്നതിനുവേണ്ടി നിലവിലെ എ.പി.എൽ. റേഷൻ പെർമിറ്റ് ബി.പി.എൽ. റേഷൻ പെർമിറ്റായി മാറ്റുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

വിരമിച്ച ഉദ്യോഗസ്ഥരുടെ നിയമനം

111 (2606) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരെ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിലോ പദ്ധതിയിലോ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം നിയമിച്ച ഉദ്യോഗസ്ഥരുടെ പേരും അവർ വഹിച്ചിരുന്ന തസ്തികയും നിയമനം നൽകിയ തസ്തികയും ശമ്പളവും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly